

Year of
St. Joseph

**Dec. 08, 2020 - Dec. 08, 2021**

# വി. യൗസേപ്പ്
## പിതാവിനോടുള്ള
# മദ്ധ്യസ്ഥ പ്രാർത്ഥന

**യൗ**സേപ്പിതാവിനെക്കുറിച്ച് വി. മത്തായിയുടെയും വി. ലൂക്കായുടെയും സുവിശേഷങ്ങളുടെ ആദ്യഭാഗത്ത് മാത്രമാണ് വിവരണങ്ങളുള്ളത്. കന്യകാമറിയത്തിന്റെ സംരക്ഷകനായും രക്ഷകനായ ഈശോയുടെ വളർത്തുപിതാവായും ദൈവം നൽകിയ ദൗത്യങ്ങൾ വളരെ വിശ്വസ്തതയോടെ നിർവഹിച്ച ശേഷം പരിശുദ്ധ അമ്മയുടെയും ഈശോയുടെയും സാന്നിധ്യത്തിൽ നല്ല മരണം പ്രാപിച്ചുവെന്ന് സഭ വിശ്വസിക്കുന്ന വി. യൗസേപ്പിതാവിനെ തിരുസ്സഭയുടെ സംരക്ഷകനും തൊഴിലാളികളുടെ മദ്ധ്യസ്ഥനും കുടുംബജീവിതക്കാരുടെ ഉദാത്ത മാതൃകയും നല്ലമരണത്തിന്റെ മദ്ധ്യസ്ഥനുമായി സഭ വണങ്ങുന്നു. 2020 ഡിസംബർ 8-ാം തീയതി പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പാ പാത്രിസ് കോർദേ (Patris Corde) എന്ന അപ്പസ്തോലിക് ലേഖനം വഴി വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം (Year of St. Joseph) പ്രഖ്യാപിച്ചു. വിശുദ്ധ യൗസേപ്പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ പങ്കെടുക്കുന്നവർക്ക് ഈ വർഷാചരണ കാലത്ത് പൂർണ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

**തിരുനാൾ ദിനം : മാർച്ച് 19**

**St. Thomas SyroMalabar Catholic Forane Church**
608 Welsh Road, Philadelphia, PA

# പ്രാരംഭഗാനം

*(നിത്യസഹായമാതേ... എന്ന രീതി)*

നീതിമാനായ താതാ
വിശുദ്ധ യൗസേപ്പ് താതാ
മാനവരാദരവാൽ
കീർത്തിക്കും പുണ്യതാതാ

ചോദിപ്പോർക്കെന്നും നൽകി
ആശകൾ തീർത്തീടുന്ന
ഈശോ തൻ സ്നേഹതാതാ
കാരുണ്യമേകീടണേ (നീതി....)

ആശ്രയം തേടിയങ്ങേ
പാദത്തിൽ വന്നീടുന്ന
ആർത്തരേ കൈവിടാതെ
കാത്തുപാലിക്ക താതാ (നീതി...)

കാർമ്മികൻ : സ്നേഹപിതാവായ ദൈവമേ, ഞങ്ങളങ്ങയെ സ്തുതിക്കുന്നു. ഈശോയുടെ വളർത്തുപിതാവായ വി. യൗസേപ്പിതാവിനെ ഞങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനും പിതാവും സംരക്ഷകനുമായി നൽകിയതിന് ഞങ്ങളങ്ങേക്ക് നന്ദി പറയുന്നു. കരുണാനിധിയായ ദൈവമേ, വി. യൗസേപ്പിതാവിനേപ്പോലെ സത്യത്തിലും നീതിയിലും വിനയത്തിലും വിവേകത്തിലും വളരുവാൻ വേണ്ട അനുഗ്രഹം ഞങ്ങൾക്ക് നൽകണമേ. അനുഗ്രഹദാതാവായ ദൈവമേ, വി. യൗസേപ്പിതാവു വഴി ഞങ്ങളർപ്പിക്കുന്ന ഈ പ്രാർത്ഥന കാരുണ്യപൂർവ്വം സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും,

സമൂ. : ആമ്മേൻ.

കാർമ്മി : ദൈവികവെളിപ്പെടുത്തലുകളെ പൂർണ്ണമായി വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്ത വി. യൗസേപ്പ് പിതാവേ നീ ഞങ്ങളുടെ പിതാവും സംരക്ഷകനും മദ്ധ്യസ്ഥനുമാകുന്നു.

സമൂ : മഹാത്മാവായ വി. യൗസേപ്പേ, / മനുഷ്യബുദ്ധിക്ക് ഗ്രഹിക്കുവാനും / മനുഷ്യപ്രകൃതിക്ക് സ്വീകരിക്കുവാനും / വിഷമമുള്ള വെളിപ്പെടുത്തലുകൾ / ദൈവത്തിൽ നിന്നുണ്ടാകുമ്പോൾ / അങ്ങയെപ്പോലെ / അവ വിശ്വസിച്ചുകൊള്ളാമെന്നും / അതനുസരിച്ച് പ്രവർത്തിച്ചുകൊള്ളാമെന്നും / ഞങ്ങളേറ്റു പറയുന്നു. ആമ്മേൻ.

കാർമ്മി : കാരുണ്യവാനായ ഈശോയെ (സമൂഹവും ചേർന്ന്) അങ്ങേ വളർത്തുപിതാവായ വി. യൗസേപ്പിനെ / ഞങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനും / പിതാവുമായി ഞങ്ങൾ ഏറ്റു പറയുന്നു. / തിരുക്കുടുംബത്തിന്റെ നാഥനും സംരക്ഷകനുമായി / ദൈവം തിരഞ്ഞെടുത്ത / വി. യൗസേപ്പ് പിതാവേ / ഞങ്ങളങ്ങയെ വണങ്ങുന്നു. / തിരുക്കുടുംബത്തെ കാത്തുപാലിച്ച അങ്ങ് / ഞങ്ങളോരോരുത്തരെയും / ഞങ്ങളുടെ കുടുംബങ്ങളെയും / ഇടവകാ സമൂഹത്തെയും / കാത്തുപരിപാലിക്കണമേ. / ഞങ്ങൾക്ക് ഭരമേൽപിക്കപ്പെട്ടിരിക്കുന്നവരെ / ശുശ്രൂഷിക്കുവാനും / നീതിബോധത്തോടെ അധ്വാനിക്കുവാനും / ഞങ്ങളെ സഹായിക്കണമേ. / ഞങ്ങളുടെ ആവശ്യങ്ങളിൽ സഹായിക്കുകയും / ആപത്തുകളിൽ സംരക്ഷിക്കുകയും / വേദനകളിൽ ആശ്വസിപ്പിക്കുകയും / മരണസമയത്ത് കൂടെയായിരിക്കുകയും ചെയ്യണമേ. ആമ്മേൻ.

## സങ്കീർത്തനം (112)

കാർമ്മി : കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ കല്പനകളിൽ ആനന്ദിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.

സമൂ : അവന്റെ സന്തതി ഭൂമിയിൽ പ്രബലമാകും; സത്യസന്ധരുടെ തലമുറ അനുഗ്രഹീതമാകും.

കാർമ്മി : അവന്റെ ഭവനം സമ്പദ്സമൃദ്ധമാകും; അവന്റെ നീതി എന്നേക്കും നിലനിൽക്കും.

സമൂ : പരമാർത്ഥ ഹൃദയർക്ക് അന്ധകാരത്തിൽ പ്രകാശമുദിക്കും. നീതിയോടെ വ്യാപരിക്കുന്നവന് നന്മ കൈവരും.

കാർമ്മി : നീതിമാന് ഒരിക്കലും ഇളക്കം തട്ടുകയില്ല; അവന്റെ സ്മരണ എന്നേക്കും നിലനിൽക്കും.

സമൂ : അവന്റെ ഹൃദയം അചഞ്ചലവും കർത്താവിൽ ആശ്രയിക്കുന്നതുമാണ്.

കാർമ്മി : അവന്റെ ഹൃദയം ദൃഢതയുള്ളതായിരിക്കും; അവൻ ഭയപ്പെടുകയില്ല.

സമൂ : അവൻ ദരിദ്രർക്ക് ഉദാരമായി ദാനം ചെയ്യുന്നു; അവൻ അഭിമാനത്തോടെ ശിരസ്സുയർത്തി നിൽക്കും.

കാർമ്മി : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

സമൂ : ആദിമുതൽ എന്നേക്കും ആമ്മേൻ

# കാറോസൂസ

കാർമ്മി : നമുക്കെല്ലാവർക്കും വിശുദ്ധ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ട് വി. യൗസേപ്പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ എന്നപേക്ഷിക്കാം.

സമൂ : വി. യൗസേപ്പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

കാർമ്മി : ലോകം മുഴുവനും ശാന്തിയും സമാധാനവും നിലനിർത്തിക്കൊണ്ട് അവിടുത്തെ മക്കൾക്കടുത്ത സ്നേഹവും സാഹോദര്യവും പങ്കുവയ്ക്കപ്പെടുന്നതിനായി,

സമൂ : വി. യൗസേപ്പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

കാർമ്മി : സാർവ്വത്രികസഭയുടെ തലവനായ പരിശുദ്ധ പിതാവ് മാർ .......................... പാപ്പായ്ക്കും ഞങ്ങളുടെ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ്പ് മാർ ................................. മെത്രാപ്പോലീത്തായ്ക്കും എല്ലാ വൈദികമേലദ്ധ്യക്ഷന്മാർക്കും ഭരമേൽപിക്കപ്പെ

ട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ദൈവഹിതാനുസരണം നിർവ്വഹിക്കപ്പെടുവാൻ,

സമൂ : വി. യൗസേപ്പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

കാർമ്മി : ഞങ്ങളുടെ രൂപതയും ഞങ്ങളുടെ പിതാവും മേലദ്ധ്യക്ഷനുമായ മാർ .................... മെത്രാനും എല്ലാ വൈദികരും സന്യസ്തരും അനുഗ്രഹിക്കപ്പെടുവാനും തീക്ഷ്ണതയുള്ള അത്മായ പ്രേഷിതരെ ഞങ്ങൾക്ക് ലഭിക്കുവാനും,

സമൂ : വി. യൗസേപ്പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

കാർമ്മി : ഒരേ പിതാവിന്റെ മക്കളെപ്പോലെ ഈ ഇടവകാംഗങ്ങളെല്ലാവരും പരസ്പരം സ്നേഹിച്ചും സഹകരിച്ചും പ്രവർത്തിക്കുന്നതിനും അങ്ങനെ ഒരു തൊഴുത്തും ഒരു ഇടയനുമായിത്തീരുന്നതിനും,

സമൂ : വി. യൗസേപ്പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

കാർമ്മി : നല്ല മരണത്തിന്റെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവേ പരിശുദ്ധ അമ്മയുടെയും ദിവ്യരക്ഷകന്റെയും സാന്നിധ്യത്തിൽ അങ്ങ് ഭാഗ്യമരണം പ്രാപിച്ചതുപോലെ ജീവിതാവസാനം ഞങ്ങളും നല്ല മരണം പ്രാപിച്ച് കർത്താവിന്റെ സന്നിധിയിൽ അണയുന്നതിനായി,

സമൂ : വി. യൗസേപ്പിതാവേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

*(സന്ദർഭോചിതമായി മറ്റ് നിയോഗങ്ങളും കൂട്ടിച്ചേർക്കാവുന്നതാണ്)*

കാർമ്മി : നിശ്ശബ്ദമായി നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകൾ വിശുദ്ധ യൗസേപ്പിതാവിന്റെ മാധ്യസ്ഥം വഴി ദൈവതിരുസന്നിധിയിൽ സമർപ്പിക്കാം.

*(നിശ്ശബ്ദം)*

കാർമ്മി : സ്വർഗ്ഗീയസുകൃതങ്ങളാൽ സമ്പന്നമായ തിരുക്കുടുംബത്തിന്റെ നാഥനും സംരക്ഷകനുമായി ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട മഹാത്മാവായ വിശുദ്ധ യൗസേപ്പേ, ഞങ്ങളുടെ കുടുംബങ്ങളുടെ കാവൽക്കാരനായി അങ്ങ് വാഴണമെ. അങ്ങയെ ഞങ്ങളുടെ മദ്ധ്യസ്ഥനും മാതൃകയുമായി സ്വീകരിക്കുന്നു. ഞങ്ങളുടെ ആത്മശരീരങ്ങളും ഞങ്ങൾക്കുള്ള സമസ്തവും അങ്ങേ സംരക്ഷണയിൽ ഭരമേൽപിക്കുന്നു. ഞങ്ങൾ ഓരോരുത്തരെയും അങ്ങ് മക്കളായി സ്വീകരിച്ചുകൊണ്ട് ഞങ്ങളുടെ നിയോഗങ്ങൾക്കുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം അപേക്ഷിക്കണമേ. ഇപ്പോഴും എന്നേക്കും,

സമൂ : ആമ്മേൻ!

## ഗാനം

*(ഈ സമയത്ത് കാർമ്മികൻ ജനങ്ങളുടെ മേൽ വിശുദ്ധജലം തളിക്കുന്നു)*

*(കനിവോടെ സ്വീകരിക്കേണമേ... എന്ന രീതി)*

വന്ദ്യനാം യൗസേപ്പേ പാഹിമാം
ധന്യനാം നിൻ പദം തേടുന്നു
നിസ്തുല ഭാഗ്യമോടഭയം
സ്വർഗീയ രാജ്യത്തിൽ വാഴുന്നു

സത്യസഭയുടെ നായകാ
സത്യവിശ്വാസത്തിൻ പാലകാ
തിന്മ നിറഞ്ഞോരീ ലോകത്തിൽ
നന്മകൾ തൂകണേ പാവനാ (വന്ദ്യനാം...

ലോകം, പിശാചു ശരീരമീ
വൈരികൾ പോരിന്നടുക്കുമ്പോൾ
നിർമ്മലരാക്കും നിൻ കാരുണ്യം
നിർലോഭം ദാസരിലേകണേ (വന്ദ്യനാം...

കാർമ്മി : ദിവ്യരക്ഷകന്റെ കാവൽക്കാരാ, സ്വസ്തി / *(സമൂഹവും കൂടി)* പരിശുദ്ധ കന്യകാമാതാവിന്റെ ജീവിതപങ്കാളീ / ദൈവം തന്റെ ഏകപുത്രനെ / അങ്ങയെ ഭരമേൽപിച്ചു. / പരിശുദ്ധ മറിയം / അങ്ങിൽ വിശ്വാസമർപ്പിച്ചു, /

ക്രിസ്തു / അങ്ങയോട് കൂടെ മനുഷ്യനായി. / വാഴ്ത്തപ്പെട്ട യൗസേപ്പിതാവേ / ഞങ്ങൾക്കും അങ്ങ് പിതാവായിരിക്കണമേ. / ജീവിതവീഥിയിൽ / ഞങ്ങളെ നയിക്കണമേ. / ഞങ്ങൾക്കായി / കൃപയും കാരുണ്യവും ആത്മധൈര്യവും / നേടിത്തരണമേ. / എല്ലാ തിന്മകളിൽ നിന്നും / ഞങ്ങളെ കാത്തുകൊള്ളണമേ, ആമ്മേൻ.

കാർമ്മി : ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ,

സമൂ : വി. യൗസേപ്പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## സമാപന പ്രാർത്ഥന

കാർമ്മി : തിരുക്കുടുംബത്തിന്റെ നാഥനും, സാർവ്വത്രിക സഭയുടെ സംരക്ഷകനുമായി വിശുദ്ധ യൗസേപ്പിനെ നിയോഗിച്ച ദൈവമേ, നീതിമാനായ ആ പിതാവിൽ വിളങ്ങി നിന്നിരുന്ന എല്ലാ ദൈവീകപുണ്യങ്ങളും ഞങ്ങളിലും ഞങ്ങളുടെ കുടുംബങ്ങളിലും വർഷിക്കണമെ. വി. യൗസേപ്പിതാവിനെപ്പോലെ ജീവിതത്തിന്റെ ഓരോഘട്ടത്തിലും ദൈവേഷ്ടം മനസിലാക്കി പ്രവർത്തിക്കുവാൻ ഞങ്ങളെ അവിടുന്ന് അനുഗ്രഹിക്കണമെ. ഞങ്ങളുടെ ആത്മീയവും ഭൗതീകവുമായ നിയോഗങ്ങളെ അവിടുന്ന് സഫലമാക്കണമേ. ദിവ്യരക്ഷകന്റെ വളർത്തുപിതാവായി വി. യൗസേപ്പിതാവിനെ തിരഞ്ഞെടുത്ത പിതാവായ ദൈവത്തിന്റെ സ്നേഹവും തിരുക്കുടുംബത്തിലെ ദിവ്യസുതനായി അവതരിച്ച പുത്രനായ മിശിഹായുടെ കൃപയും, വി. യൗസേപ്പിതാവിനെയും പരിശുദ്ധ കന്യകാമറിയത്തെയും വിശുദ്ധിയിലൂടെ നയിച്ച പരിശുദ്ധാത്മാവിന്റെ സംരക്ഷണവും നിങ്ങളോടു കൂടിയുണ്ടാകട്ടെ. ഇപ്പോഴും + എപ്പോഴും + എന്നേക്കും +

സമൂ : ആമ്മേൻ

# സമാപനഗാനം

നീതിമാനാം യൗസേപ്പേ
ധന്യനായ മഹാത്മാവേ
തിരുക്കുടുംബത്തിൻ പാലകനേ
ഞങ്ങൾക്കായി പ്രാർത്ഥിക്കണേ
ഞങ്ങൾക്കായി പ്രാർത്ഥിക്കണേ (നീതിമാനാം...

സ്വന്തം വഴികൾ ത്യജിച്ചവനേ
ദൈവത്തിനിഷ്ടം പുണർന്നവനേ
കഷ്ടങ്ങളേറ്റും ദുഃഖം സഹിച്ചും
തിരുക്കുടുംബത്തെ കാത്തവനേ (കഷ്ടങ്ങളേറ്റും ...
ഞങ്ങൾക്കു പാലകനായിടണേ
എന്നും ഞങ്ങൾക്കായി പ്രാർത്ഥിക്കണേ (കഷ്ടങ്ങളേറ്റും ...
(നീതിമാനാം...

അമ്മയാം മേരിക്കു സ്നേഹമേകി
ഉണ്ണിക്കു വത്സല താതനുമായ്
അധ്വാനത്താലും ക്ലേശങ്ങളാലും
തിരുക്കുടുംബത്തിനു രക്ഷകനായ് (അധ്വാനത്താലും...
നിൻ തിരു മാതൃക പിൻചെന്നു ഞങ്ങൾ
ധന്യരായ് തീർന്നിടട്ടെ (അധ്വാനത്താലും...
(നീതിമാനാം...

**St. Thomas SyroMalabar Catholic Forane Church**
608 Welsh Road, Philadelphia, PA

*Adapted from "Novenakalum Prarthanakalum," by liturgical commission,*
*Diocese of Mananthavady, Publ. 2016.*
*Imprimatur : Bishop Jose Porunnedom, 2016*